**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 64 08.06.2015-ന് മറുപടി നൽകേണ്ടത്

**<u>പ്രധാനമന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച</u>**

**ചോദ്യം** **ഉത്തരം**

ശ്രീ.സാജു പോൾ

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ ഏറ്റവും ഒടുവിൽ സന്ദർശിച്ചത് എപ്പോഴായിരുന്നു; | (എ) | 28.05.2015-നാണ് മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ ഏറ്റവും ഒടുവിൽ സന്ദർശിച്ചത്. |
| (ബി) | ആ സന്ദർശനവേളയിൽ സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി; | (ബി) | 61 ദിവസത്തെ മത്സ്യബന്ധന നിരോധനം 47 ദിവസമാക്കി ചുരുക്കുക, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള സെൻട്രൽ ഗ്രാന്റ് 75 ശതമാനമായി പുനഃസ്ഥാപിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ ലഭ്യത ഉറപ്പുവരുത്തുക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് പ്രധാനമന്ത്രിയോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ. |
| (സി) | ഉന്നയിച്ച ഏതെല്ലാം വിഷയങ്ങളിൽ ഉറപ്പ് ലഭിച്ചിരുന്നു; | (സി) യും (ഡി) യും | സംസ്ഥാനം ഉന്നയിച്ച എല്ലാ കാര്യങ്ങളും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രധാനമന്ത്രി, മുഖ്യമന്ത്രിക്ക് നൽകിയ ഏതെല്ലാം ഉറപ്പുകൾ ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നു; വ്യക്തമാക്കാമോ; നടപ്പിലാക്കിയവ ഏതെല്ലാം എന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ